
2025 SEPTEMBER
13
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# സിഎബിജി ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** സംസ്ഥാനത്ത് ആദ്യമായി റോബോട്ടിക്അസിസ്റ്റഡ് കൊറോണറി ആർട്ടറി ബൈപാസ് ഗ്രാഫ്റ്റിംഗ് (സിഎബിജി) ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി ഇന്ത്യയിലെ ഏറ്റവും മികച്ച മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഒന്നായ ആസ്റ്റർ മെഡ്സിറ്റി. ഹൃദ്രോഗ ചികിത്സയിൽ കേരളം കൈവരിക്കുന്ന സുപ്രധാന മുന്നേറ്റങ്ങളിൽ ഒന്നാണിത്. ഗുരുവായൂർ സ്വദേശിനിയായ 42 വയസ്സുകാരി നിഷ പുരുഷോത്തമനാണ് ഈ നൂതന ശസ്ത്രക്രിയയിലൂടെ അതിവേഗം സുഖം പ്രാപിച്ചത്. ശസ്ത്രക്രിയ കഴിഞ്ഞ് നാലാം ദിവസം തന്നെ നിഷയെ ഡിസ്ചാർജ് ചെയ്യാനുമായി.

അതീവ ഗുരുതരമായ ട്രിപ്പിൾവെസ്സൽ ഡിസീസ് എന്ന രോഗമാണ് നിഷയ്ക്ക് ഉണ്ടായിരുന്നത്. പ്രധാനപ്പെട്ട മൂന്ന് ഹൃദയധമനികളിലും ബ്ലോക്ക് ഉണ്ടാകുന്ന സാഹചര്യമാണിത്. നിഷയുടെ രോഗം വളരെ സങ്കീർണ്ണമായതിനാൽ സാധാരണ ആൻജിയോപ്ലാസ്റ്റി കൊണ്ട് രോഗം ഭേദമാക്കാൻ കഴിയില്ലായിരുന്നു. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ മാത്രമായിരുന്നു പോംവഴി. ഇത്തരത്തിലുള്ള ഓപ്പൺ ഹാർട്ട് സർജറിയുടെ ബുദ്ധിമുട്ടുകളെക്കുറിച്ചും, അതിന് ആവശ്യമായി വരുന്ന വലിയ മുറിവും, ദീർഘകാലത്തെ വിശ്രമവും നിഷയുടെ കുടുംബത്തെ ആശങ്കയിലാഴ്ത്തി. അതുകൊണ്ടാണ് അവർ നേരിയ മുറിവുകളിലൂടെ പ്രശ്നം പരിഹരിക്കാനായി മിനിമലി ഇൻവേസിവ് ശസ്ത്രക്രിയ തെരെഞ്ഞെടുത്തത്. റോബോട്ടിക് സഹായത്തോടെയുള്ള മിനിമലി ഇൻവേസിവ് ഡയറക്ട് കൊറോണറി ആർട്ടറി ബൈപാസ് ശസ്ത്രക്രിയയാണ് നിഷയ്ക്ക് ഏറ്റവും മികച്ചതും സുരക്ഷിതവുമാകുമെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ശസ്ത്രക്രിയാ സംഘം കണ്ടെത്തി. മിനിമലി ഇൻവേസിവ് കാർഡിയാക് സർജറി (എം.ഐ.സി.എസ്) തന്നെ ഒരു വലിയ മുന്നേറ്റമായിരുന്നെങ്കിലും, റോബോട്ടിക്ക് സാങ്കേതികവിദ്യയുടെ കൃത്യതയോടെ നടപ്പാക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി. ഇത്തരം സങ്കീർണ്ണമായ ശസ്ത്രക്രിയകളിൽ മികച്ച കൃത്യതയും നിയന്ത്രണവും വ്യക്തമായ കാഴ്ചയുമാണ് റോബോട്ടിക് സംവിധാനം ഡോക്ടർമാർക്ക് നൽകുന്നത്.

ഏറ്റവും നൂതനമായ ആരോഗ്യ സേവനങ്ങൾ ഇന്ത്യയിലെ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ആസ്റ്റർ ഏറ്റെടുത്തിരിക്കുന്ന ദൗത്യമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ രമേശ് കുമാർ പറഞ്ഞു. കേരളത്തിലെ ആദ്യത്തെ റോബോട്ടിക് അസിസ്റ്റഡ് കാർഡിയാക് ബൈപാസ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത് അഭിമാനകരമായ ഒരു നാഴികക്കല്ലും ഹൃദയ പരിചരണത്തിലെ ഒരു വലിയ മുന്നേറ്റവുമാണ്. ഈ നേട്ടം ഞങ്ങളുടെ മെഡിക്കൽ ടീമുകളുടെ വൈദഗ്ധ്യവും അർപ്പണബോധവും തെളിയിക്കുന്നു. മാത്രമല്ല, വേഗത്തിലുള്ള രോഗമുക്തി ഉറപ്പാക്കുന്ന അത്യാധുനിക സാങ്കേതികവിദ്യകൾ ഏറ്റവുമാദ്യം കൊണ്ടുവരുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധതയും കൂടിയാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരം കണ്ടുപിടിത്തങ്ങൾ ശസ്ത്രക്രിയകളുടെ ഭാവിയെ പുനർനിർവചിക്കുമെന്നും സങ്കീർണ്ണമായ ചികിത്സാക്രമങ്ങൾ കൂടുതൽ സുരക്ഷിതവും എളുപ്പവുമാക്കുമെന്നും രമേശ് കുമാർ പറഞ്ഞു.

റോബോട്ടിക് കാർഡിയാക് സർജറി സീനിയർ കൺസൾട്ടന്റ് ഡോ. എം.എം. യൂസഫിന്റെ നേതൃത്വത്തിലുള്ള കാർഡിയോവാസ്കുലാർ തൊറാസിക് സർജറി വിഭാഗത്തിലെ സർജിക്കൽ ടീമാണ് അപൂർവമായ ഈ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

കാർഡിയോവാസ്കുലാർ തൊറാസിക് സർജറി സീനിയർ കൺസൾട്ടന്റുമാരായ ഡോ. മനോജ് പി. നായർ, ഡോ. ജോർജ് വർഗ്ഗീസ് കുര്യൻ, അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. സബിൻ സാം, ഡോ. ജിഷ്ണു പള്ളിയാനി, അനസ്തേഷ്യോളജി, പെയിൻ മെഡിസിൻ ആൻഡ് ക്രിട്ടിക്കൽ കെയർ സർവീസസ് വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് സുരേഷ് ജി. നായർ എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.

ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ്, ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ശുഹൈബ് കാദർ, ശസ്ത്രക്രിയക്ക് വിധേയയായ നിഷ പുരുഷോത്തമൻ, ആസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ. അനിൽകുമാർ ആർ, കാർഡിയോവാസ്കുലാർ തൊറാസിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മനോജ് പി. നായർ, റോബോട്ടിക് കാർഡിയാക് സർജറി സീനിയർ കൺസൾട്ടന്റ് ഡോ. എം.എം. യൂസഫ്, കാർഡിയോവാസ്കുലാർ തൊറാസിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജോർജ് വർഗ്ഗീസ് കുര്യൻ, അനസ്തേഷ്യോളജി, പെയിൻ മെഡിസിൻ ആൻഡ് ക്രിട്ടിക്കൽ കെയർ സർവീസസ് വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് സുരേഷ് ജി. നായർ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# കേരളത്തിലും പ്രത്യേക വോട്ടർ പട്ടിക പരിഷ്ക്കരണം വരുന്നു

**തിരുവനന്തപുരം:** ബിഹാറിന് പിന്നാലെ കേരളത്തിലും പ്രത്യേക വോട്ടർ പട്ടിക പരിഷ്ക്കരണം നടപ്പാക്കാൻ തെരഞ്ഞെടുപ്പു കമ്മിഷൻ. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ അനുമതി നൽകിയാലുടൻ നടപടിക്രമങ്ങൾ ആരംഭിക്കും. രാജ്യ വ്യാപകമായി എസ്ഐആറിനെതിരേ വിമർശനമുയരുന്നതിനിടെയാണ് കേരളത്തിലേക്ക് പ്രക്രിയ എത്തുന്നത്.

പ്രത്യേക വോട്ടർ പട്ടിക പരിഷ്ക്കരണവും തിരുത്തലുമാണ് എസ്ഐആറിലൂടെ ലക്ഷ്യമിടുന്നത്. ഇത് സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് ഓഫിസർക്ക് നിർദേശം ലഭിച്ചതായാണ് വിവരം. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ അന്തിമ അനുമതി കിട്ടിയാൽ ഉടൻ എസ്ഐആർ എന്ന പ്രത്യേക വോട്ടർ പട്ടിക റിവിഷന് തുടക്കമാവും. ഇതിന് മുന്നോടിയായി രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു ചേർക്കുകയും മാധ്യമങ്ങൾക്ക് പ്രക്രിയയുടെ വിശദാംശങ്ങൾ കൈമാറുകയും ചെയ്യും.

# സ്വർണം പവന് 81,600 രൂപയായി



**കൊച്ചി:** സംസ്ഥാനത്ത് സ്വർണ വിലയിൽ വർധന തുടരുന്നു. വെള്ളിയാഴ്ച പവന്റെ വില 560 രൂപ കൂടി 81,600 രൂപയായി. ഗ്രാമിനാകട്ടെ 10,130 രൂപയിൽനിന്ന് 10,200 രൂപയുമായി.

രാജ്യത്തെ കമ്മോഡിറ്റി വിപണിയായ എംസിഎക്സിൽ 10 ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില 1,09,485 എന്ന റെക്കോഡ് ഉയരം കുറിച്ചു. ആഗോള വിപണിയിൽ ട്രോയ് ഔൺസിന് 3,650 ഡോളർ നിലവാരത്തിലാണ് സ്വർണ വില.

സെപ്റ്റംബർ 17ന് ചേരുന്ന പണനയ യോഗത്തിൽ യുഎസ് കേന്ദ്ര ബാങ്കായ ഫെഡ് റിസർവ് കാൽ ശതമാനം നിരക്ക് കുറച്ചേക്കുമെന്ന അനുമാനമാണ് ആഗോള വിപണിയിലെ വിലവർധനവിന് പിന്നിൽ.

മുമ്പ് കണക്കാക്കിയതിനേക്കാൾ 9,11,000 തൊഴിലവസരങ്ങളാണ് യുഎസിൽ കുറഞ്ഞത്. തൊഴിലില്ലായ്മ നിരക്കാകട്ടെ ഓഗസ്റ്റിൽ 4.3 ശതമാനമായി ഉയരുകയും ചെയ്തു. അതോടൊപ്പം പണപ്പെരുപ്പ നിരക്ക് കൂടുന്ന സാഹചര്യംകൂടി ഫെഡ് റിസർവ് കണക്കിലെടുത്തേക്കും.

# ലോട്ടറിയുടെ ജിഎസ്ടി 28ൽ നിന്ന് ഇനി 40%; ടിക്കറ്റുകൾക്ക് വില കൂട്ടില്ലെന്ന് മന്ത്രി

**തിരുവനന്തപുരം:** ജിഎസ്ടി 28 ശതമാനത്തിൽനിന്ന് 40 ശതമാനമാക്കി വർധിപ്പിച്ചെങ്കിലും ലോട്ടറി ടിക്കറ്റുകൾക്ക് വില കൂട്ടില്ലെന്ന് മന്ത്രി കെ.എൻ ബാലഗോപാലിന്റെ ഉറപ്പ്. ഇന്നലെ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണു മന്ത്രി ഇക്കാര്യം അറിയിച്ചത്. പകരം സമ്മാനം, ഏജൻസി കമ്മിഷൻ, ഏജൻസി സമ്മാനം, സർക്കാരിന്റെ ലാഭം എന്നിവയിൽ നിശ്ചിത ശതമാനം കുറവു വരുത്തി പ്രതിസന്ധി പരിഹരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. ഇതു സംബന്ധിച്ച വിശദമായ രേഖ തയാറാക്കി അറിയിക്കാമെന്നും മന്ത്രി പറഞ്ഞു.

ആഴ്ചയിൽ 7 ലോട്ടറി ടിക്കറ്റുകളാണ് സർക്കാർ നറുക്കെടുക്കുന്നത്. ബംപർ ഒഴികെയുള്ളവയുടെ 1.8 കോടി ടിക്കറ്റുകൾ അച്ചടിച്ച് വിപണിയിലെത്തിക്കുന്നുണ്ട്. അടുത്തിടെ സമ്മാനഘടന പരിഷ്കരിച്ചിരുന്നു. ഇതു വിൽപന ഉയരുന്നതിന് സഹായകമായി. ഈ അവസ്ഥയിൽ ഇനിയൊരു ഘടനാമാറ്റം വേണ്ടെന്നാണു വിവിധ ട്രേഡ് യൂണിയനുകളുടെ നിർദേശം.

ഇപ്പോൾ ടിക്കറ്റ് വിൽപനയിലൂടെ ലഭിക്കുന്ന 28% ജിഎസ്ടിയിൽ 14% സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണ്. 2% ലാഭത്തിനു പുറമേ സർക്കാരിനു ലഭിക്കുന്ന അധികവരുമാനമാണിത്. ജിഎസ്ടി 40 ശതമാനമാക്കുമ്പോൾ സർക്കാരിന്റെ നികുതി വരുമാനത്തിൽ 6% വർധനയുണ്ടാകും. ഈ 6% തുകയിൽ ഒരു വിഹിതം ലോട്ടറി നടത്തിപ്പിന് കൈമാറുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. ലോട്ടറി ഡയറക്ടർ ഡോ. മിഥുൻ പ്രേംരാജും പങ്കെടുത്തു.

# പി.പി.തങ്കച്ചന്റെ നിര്യാണത്തിൽ ജെ.എസ്.എസ്. അനുശോചിച്ചു

**കൊച്ചി:** പി.പി തങ്കച്ചന്റെ നിര്യാണത്തിൽ ജെ.എസ്.എസ് സംസ്ഥാന കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. യുഡിഎഫ് കൺവീനർ ആയിരിക്കെ അദ്ദേഹത്തിനൊപ്പം യുഡിഎഫിന്റെ ആദ്യ സെക്രട്ടറിയായി പ്രവർത്തിക്കാൻ സാധിച്ചതിൽ അത്യന്തം ചാരിതാർഥ്യമുണ്ടെന്ന് ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ.എൻ രാജൻ ബാബു അനുസ്മരിച്ചു. അദ്ദേഹത്തിന്റെ നിര്യാണം കോൺഗ്രസ്സിനും, യുഡിഎഫിനും തീരാനഷ്ടമാണെന്നും രാജൻ ബാബു പറഞ്ഞു.

# ബോക്സിംഗ് ചാംപ്യൻഷിപ്പ് 15, 16 തിയതികളിൽ കൊച്ചിയിൽ




**കൊച്ചി:** ഇടിക്കൂട്ടിൽ കേരളത്തിലെ യുവ പ്രതിഭകളെ കണ്ടെത്തുന്നതിനായി കൊച്ചി ടൈറ്റിൽ ബോക്സിംഗ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന ടൈറ്റിൽ പ്രോ ബോക്സിംഗ് ചാംപ്യൻഷിപ്പ് സെപ്തംബർ 15, 16 തിയതികളിൽ കൊച്ചിയിൽ നടക്കും. ഇന്ത്യൻ ബോക്സിംഗ് കൗൺസിലിന്റെയും വേൾഡ് ബോക്സിംഗ് കൗൺസിലിന്റെയും അംഗീകാരമുള്ള ടൈറ്റിൽ ബോക്സിംഗ് ക്ലബ്ബ് കേരളാ ബോക്സിംഗ് കൗൺസിൽ, എറണാകുളം ഡിസ്ട്രിക്റ്റ് ബോക്സിംഗ് കൗൺസിൽ എന്നിവരുടെ സഹകരണത്തോടെയാണ് പ്രൊഫഷണൽ ബോക്സിംഗ് ചാംപ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. ഇന്ത്യൻ ബോക്സിംഗ് താരം അക്ക്ഷി ചഹലുമായി എച്ച്സി ലാംഫെല ഇടിക്കൂട്ടിൽ ഏറ്റു മുട്ടും. വേൾഡ് ബോക്സിംഗ് കൗൺസിൽ (ഡബ്ല്യുബിസി) കെയർ മിഡിൽ വെയ്റ്റ് ചാംപ്യനും ഡബ്ല്യുബിസി കെയർ അംബാസിഡറുമായ കെ.എസ് വിനോദ് മുഖ്യാതിഥിയായിരിക്കും. ഡബ്ല്യു.ബി.സി പ്രോ ബോക്സിംഗ് അംബാസിഡർ അഡ്വ. കെ.വി സാബു, ഇന്ത്യൻ ബോക്സിംഗ് കൗൺസിൽ ചെയർമാൻ വിവേക് രാജ, കേരള പ്രോ ബോക്സിംഗ് കമ്മീഷൻ വാജി സെയ്ത്ത് തുടങ്ങിയവരും പങ്കെടുക്കും. മൽസരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 8129257905 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണം.

# ആർദ്ര കേരളം പുരസ്കാരം പ്രഖ്യാപിച്ചു

**തിരുവനന്തപുരം** ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആർദ്ര കേരളം പുരസ്കാരം 2023-24 ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ആരോഗ്യ വകുപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ പദ്ധതി ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1692.95 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ആരോഗ്യ വകുപ്പിന്റേയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും കൂട്ടായ്മ സാധ്യമാക്കാനും കേരളത്തിന്റെ ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെയാണ് പുരസ്കാരം നൽകുന്നതിനായി പരിഗണിക്കാവുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ മേഖലയിൽ ചെലവഴിച്ച തുക, സാന്ത്വന പരിചരണ പരിപാടികൾ, കായകൽപ്പ് സ്കോർ, ഹെൽത്ത് ഗ്രാന്റ് വിനിയോഗം, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ച്, മുൻഗണനാ പട്ടിക തയ്യാറാക്കുകയും, പുരസ്കാരത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇത് കൂടാതെ പ്രതിരോധ കുത്തിവെപ്പ്, വാർഡുതല പ്രവർത്തനങ്ങൾ, പ്രാദേശിക ആരോഗ്യ ആവശ്യങ്ങൾക്ക് അനുസൃതമായ നൂതന ഇടപെടലുകൾ സാമൂഹിക ഘടകങ്ങളായ ശുചിത്വം, മാലിന്യ പരിപാലനം, പ്രാണി നിയന്ത്രണം, ജീവിത ശൈലി ക്രമീകരണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ, മോഡേൺ മെഡിസിൻ, ആയുർവേദ, ഹോമിയോ മേഖലകളിലുള്ള ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ് എന്നിവയും പുരസ്കാരത്തിന് വേണ്ടി വിലയിരുത്തുന്ന ഘടകങ്ങളാണ്.

# 3.80 കോടി പാഠപുസ്തകങ്ങൾ സർക്കാർ വിതരണം ചെയ്തെന്ന് മന്ത്രി ശിവൻകുട്ടി

**തിരുവനന്തപുരം:** 3.80 കോടി പാഠപുസ്തകങ്ങളാണ് സംസ്ഥാന സർക്കാർ വിതരണം ചെയ്തതെന്ന് പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. തമ്പകച്ചുവട് ഗവ. യുപി സ്കൂൾ കെട്ടിടം ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ശിവൻകുട്ടി.

2016 എൽഡിഎഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗം മഹാഭൂരിപക്ഷവും അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നു. ഒരു സ്കൂൾ പോലും അടച്ചുപൂട്ടില്ലെന്നും പൂട്ടിയ സ്കൂളുകൾ ഏറ്റെടുക്കുമെന്നും അന്ന് സർക്കാർ തീരുമാനമെടുത്തു. ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പുതിയ അധ്യായം എഴുതിച്ചേർത്തു. 45000 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികളാക്കിമാറ്റി. പുതിയ കെട്ടിടങ്ങൾ ആധുനിക സൗകര്യങ്ങളോടെയാണ് നിർമിച്ചത്. പാഠപുസ്തക വിതരണം, അധ്യാപക പരിശീലനം, സ്കൂൾ ഉച്ചഭക്ഷണ മെനു പരിഷ്കരണം തുടങ്ങി എല്ലാ രീതിയിലും കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ സർക്കാർ ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഒന്നു മുതൽ ഒമ്പതാം ക്ലാസുവരെ മുമ്പ് ഓൾ പ്രമോഷനായിരുന്ന സമ്പ്രദായം അവസാനിപ്പിച്ചു. കുട്ടികളുടെ പഠനനിലവാരം ഉയർത്തി. ഏതെങ്കിലും വിഷയത്തിൽ കുട്ടികൾ പിന്നോട്ട് പോയാൽ അതിന്റെ ഉത്തരവാദിത്വം അധ്യാപകർക്കായിരിക്കുമെന്നും ഓരോ അധ്യാപകരും തനിക്ക് അവാർഡ് വേണമെന്ന് നിശ്ചയത്തോടെ പ്രവർത്തിക്കണമെന്നും ശിവൻകുട്ടിപറഞ്ഞു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി, എംഎൽഎ ഫണ്ടിൽ നിന്നും 1.47 കോടി രൂപ വിനിയോഗിച്ചാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത്. 4193 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ താഴെയും മുകളിലുമുള്ള നിലകളിൽ മൂന്ന് വീതം ക്ലാസ് മുറികളാണ് ഒരുക്കിയിട്ടുള്ളത്.

ചടങ്ങിൽ പി.പി ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷനായി. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി വി അജിത്ത് കുമാർ, ജില്ലാ പഞ്ചായത്തംഗം അഡ്വ. ആർ റിയാസ്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എ ജുമൈലത്ത്, സ്ഥിരംസമിതി അധ്യക്ഷനായ എം എസ് സന്തോഷ്, കെ പി ഉല്ലാസ്, ഉദയമ്മ, ആര്യാട് ബ്ലോക്ക് പഞ്ചായത്തംഗം ടി കെ ശരവണൻ, ഗ്രാമപഞ്ചായത്തംഗങ്ങളായ ലതിക ഉദയൻ, ദീപ സുരേഷ്, ആര്യാട് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ് സബിത, ചേർത്തല എഇഒ എൽ ജയലക്ഷ്മി, എസ്എസ്കെ ചേർത്തല ബിപിസി പി എസ് ബിജി, എച്ച്എം എം ഉഷാകുമാരി, പിടിഎ പ്രസിഡന്റ് ഇ കെ ജ്യോതിഷ് കുമാർ, പിടിഎ വൈസ് പ്രസിഡന്റ് സി എ സൈദ്, എസ്എംസി വൈസ് ചെയർമാൻ വി വിജയകുമാർ, കണക്കൂർ ദേവസ്വം പ്രസിഡന്റ് പി ബാലമുരളി, അധ്യാപക പ്രതിനിധി വി ആർ ബിന്ദു, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഡെങ്കിപ്പനി, മലേറിയ സംസ്ഥാനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം

**ന്യൂദൽഹി:** ഡെങ്കിപ്പനി, മലേറിയ എന്നിവ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി വരും മാസങ്ങളിൽ സംസ്ഥാനങ്ങൾ ജാഗ്രത പാലിക്കണമെന്നും പ്രതിരോധ നടപടികളും സമൂഹാവബോധ പ്രവർത്തനങ്ങളും ഊർജിതമാക്കണമെ കേന്ദ്ര ആരോഗ്യ മന്ത്രി ജഗത് പ്രകാശ് നദ്ദ. രാജ്യത്തെ ഡെങ്കിപ്പനിയുടെയും മലേറിയയുടെയും നിലവിലെ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡെങ്കിപ്പനി, മലേറിയ എന്നിവയുടെ പ്രതിരോധത്തിലും നിയന്ത്രണത്തിലുമുള്ള ഇപ്പോളത്തെ സ്ഥിതിയും പ്രധാന വെല്ലുവിളികളും കേന്ദ്രമന്ത്രി വിലയിരുത്തി. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും രോഗവാഹക ജീവികൾ വഴിയുണ്ടാകുന്ന പകർച്ചവ്യാധികളുടെ ആഘാതം കുറയ്ക്കുന്നതിൽ നേടിയ നേട്ടങ്ങൾ നിലനിർത്തുന്നതിനും, പ്രത്യേകിച്ച് ഈ ഉയർന്ന അപകടസാധ്യതയുള്ള കാലയളവിൽ, പ്രതിരോധ, നിയന്ത്രണ നടപടികൾ ഊർജിതമാക്കണമെന്ന് അദ്ദേഹം സംസ്ഥാനങ്ങളോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും സമൂഹങ്ങളോടും അഭ്യർത്ഥിച്ചു. രോഗാണുക്കൾ വഴി പകരുന്ന രോഗങ്ങൾക്കെതിരെ അടിയന്തരവും ഏകോപിതമാവുമായ നടപടിയുടെ ആവശ്യകത കേന്ദ്രമന്ത്രി ഊന്നിപ്പറഞ്ഞു. സ്ഥിതിഗതികൾ നേരിട്ട് അവലോകനം ചെയ്ത് 20 ദിവസത്തിനുള്ളിൽ കർമ്മ പദ്ധതികൾ തയ്യാറാക്കണമെന്ന് സംസ്ഥാന ആരോഗ്യ മന്ത്രിമാരോട് അദ്ദേഹം നിർദ്ദേശിച്ചു. അതേസമയം, മുനിസിപ്പൽ കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയോട് സമൂഹ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കാനും ആവശ്യപ്പെട്ടു.

പര്യാപ്തമായ മരുന്നുകൾ, രോഗനിർണയ സംവിധാനങ്ങൾ, കിടക്കകൾ, കൊതുക് വിമുക്ത പരിസരങ്ങൾ എന്നിവ കേന്ദ്ര സർക്കാരിനു കീഴിലുള്ളതുൾപ്പെടെയുള്ള ആശുപത്രികൾ ഉറപ്പാക്കണം. അടുത്തിടെ പെയ്ത മഴയിൽ വെള്ളം കെട്ടിനിൽക്കുന്നത് പ്രജനന കേന്ദ്രങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ, പ്രതിരോധ നടപടികൾ സജ്ജമാക്കാൻ സംസ്ഥാനങ്ങളോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടു. സമൂഹ പങ്കാളിത്തവും വ്യക്തിഗത സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി തീവ്രമായ വിവരവിദ്യാഭ്യാസആശയവിനിമയവും (ഐ.ഇ.സി), സമൂഹമാധ്യമപ്രചാരണവും തുടരും. ഡെങ്കിപ്പനി സാഹചര്യം സൂക്ഷ്മമായി വിലയിരുത്തുന്നതിനും മുൻകൂർ തയ്യാറെടുപ്പ് ഉറപ്പാക്കുന്നതിനുമായി ഡൽഹിയിലും എൻ.സി.ആറിലും പ്രത്യേകമായി ഒരു ഉന്നതതല അവലോകന യോഗം സംഘടിപ്പിക്കാനും അദ്ദേഹം നിർദ്ദേശിച്ചു.

മലേറിയയെ നേരിടുന്നതിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രി വ്യക്തമാക്കി. 2015 നും 2024 നും ഇടയിൽ മലേറിയ കേസുകളിൽ 78 ശതമാനത്തിലധികം കുറവും, മലേറിയ സംബന്ധമായ മരണങ്ങളിൽ ഏകദേശം 78 ശതമാനത്തോളം കുറവും രാജ്യം കൈവരിച്ചു. കൂടാതെ, 2022-24 കാലയളവിൽ 160 ജില്ലകളിൽ ഒരൊറ്റ മലേറിയ കേസുകൾ പോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കൂടാതെ മൂന്ന് സംസ്ഥാനങ്ങൾ ഒഴികെ 33 സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ കേവലം ഒന്നിൽ താഴെയുള്ള വാർഷിക പരാദബാധ (എ.പി.ഐ) നിരക്ക് കൈവരിക്കുകയും ചെയ്തു. മലേറിയ നിർമാർജനത്തിനായുള്ള ദേശീയ തന്ത്രപ്രധാന പദ്ധതി (2023-27), തത്സമയ അവലോകനത്തിനായി സംയോജിത ആരോഗ്യ നിർവഹണ വേദി (ഐ.എച്ച്.ഐ.പി) നടപ്പാക്കൽ, ആശ വർക്കർമാർക്കുള്ള മെച്ചപ്പെടുത്തിയ ആനുകൂല്യങ്ങൾ, ഈടുറ്റ കീടനാശിനി വലകളുടെ (എൽ.എൽ.ഐ.എൻ) വൻതോതിലുള്ള വിതരണം, ലബോറട്ടറി ടെക്നീഷ്യൻമാർക്ക് പുത്തനുണർവേകുന്ന പരിശീലനങ്ങൾ, 'സീറോ മലേറിയ' പദവി നേടുന്ന ജില്ലകളെ അംഗീകരിക്കൽ എന്നിങ്ങനെ മലേറിയ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നിരവധി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2030 ഓടെ മലേറിയയെ ഇല്ലാതാക്കുകയെന്നതാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.

ലഡാക്ക് ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും/കേന്ദ്രഭരണ പ്രദേശങ്ങളിലും ഡെങ്കിപ്പനിയും ചിക്കുൻഗുനിയയും വ്യാപകമായി കാണപ്പെടുന്നതായും, മഴക്കാലത്തും മഴക്കാലത്തിനു ശേഷവുമുള്ള കാലയളവിലും പകർച്ചവ്യാധിവ്യാപനത്തിനുള്ള സാധ്യത ഏറ്റവും കൂടുതലാണെന്നും ഡെങ്കിപ്പനിയെക്കുറിച്ച് പരാമർശിക്കവെ അദ്ദേഹം അഭിപ്രായപ്പെട്ടു. നിരീക്ഷണം, കാര്യ നിർവഹണം, രോഗാണുവാഹക നിയന്ത്രണം, മേഖലാതല ഏകോപനം, സാമൂഹികാവബോധം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന വെക്റ്റർബോൺ ഡിസീസ് സെല്ലുകൾ വഴിയാണ് ദേശീയ ഡെങ്കി നിയന്ത്രണ കാര്യനയം നടപ്പിലാക്കപ്പെടുന്നത്. സൗജന്യ പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന 869 സെന്റിനൽ സർവൈലൻസ് (ജാഗ്രതാ നിരീക്ഷണ) ആശുപത്രികളും 27 ഉന്നതതല റഫറൽ ലബോറട്ടറികളും മുഖേന കേന്ദ്രസർക്കാർ രോഗനിർണയ ശേഷി ശാക്തീകരിച്ചിട്ടുണ്ട്. 2025 ൽ ഇതുവരെ 5,520ലധികം ഡെങ്കിപ്പനി രോഗനിർണയ കിറ്റുകളും 2,530 ചിക്കുൻഗുനിയ രോഗനിർണയ കിറ്റുകളും സംസ്ഥാനങ്ങൾക്ക് വിതര

# ഐസക് ജോർജിന്റെ ഹൃദയം ഇനിയും സ്പന്ദിക്കും

**കൊച്ചി:** കൊട്ടാരക്കര സ്വദേശി ഐസക് ജോർജിന്റെ (33) ഹൃദയം ഇനിയും സ്പന്ദിക്കും. ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിലാണ് ലിസി ആശുപത്രിയിൽ അങ്കമാലി സ്വദേശിയായ 28 കാരനിൽ ഐസക്കിന്റെ ഹൃദയം തുന്നിചേർത്തത്. കഴിഞ്ഞ അവിട്ടം ദിനത്തിലാണ് ഐസക്കിന് അപകടം സംഭവിച്ചത്. തുടർന്ന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സ തേടിയെങ്കിലും മസ്തിഷ്കമരണം സംഭവിക്കുകയായിരുന്നു. ഐസക്ക് ഇനി ജീവിതത്തിലേക്ക് മടങ്ങി എത്തില്ല എന്ന് മനസ്സിലാക്കിയ കുടുംബം അത്യന്തം വേദനയോടെയെങ്കിലും അവയവദാനത്തിന് തയ്യാറാകുകയായിരുന്നു.



ബുധനാഴ്ച രാത്രിയോടെയാണ് ലിസി ആശുപത്രിയിലേക്ക് സംസ്ഥാന സർക്കാർ സംവിധാനമായ കെസോട്ടോയിൽ നിന്നും സന്ദേശം എത്തിയത്. പ്രാഥമിക പരിശോധനയിൽ ഐസക്കിന്റെ ഹൃദയം ലിസി ആശുപത്രിയിൽ ഹൃദയത്തിനായി കാത്തിരിക്കുന്ന അങ്കമാലി സ്വദേശിയായ 28 കാരന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ഹൃദയം

എടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുകയും ചെയ്തു. ദാതാവിൽ നിന്നും ഹൃദയം എടുത്ത് നാല് മണിക്കൂറിനുള്ളിൽ സ്വീകർത്താവിൽ സ്പന്ദിച്ചു തുടങ്ങിയാലെ ഏറ്റവും നല്ല ഫലം ലഭിക്കുകയുള്ളു എന്നതുകൊണ്ട് തിരുവനന്തപുരത്തു നിന്നും ഹൃദയം ചുരുങ്ങിയ സമയം കൊണ്ട് എത്തിക്കുന്നത് വലിയ വെല്ലുവിളിയായിരുന്നു.

തുടർന്ന് ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ മന്ത്രി പി രാജീവിനെ വിവരം അറിയിക്കുകയായിരുന്നു. രാത്രി ഏറെ വൈകിയിരുന്നെങ്കിലും അദ്ദേഹം മുഖ്യമന്ത്രിയുമായി ബന്ധപ്പെടുകയും സംസ്ഥാന സർക്കാർ പോലീസ് സേനയ്ക്കായി വാടകയ്ക്ക് എടുത്തിരിക്കുന്ന ഹെലികോപ്റ്റർ അവയവം കൊണ്ടുവരുന്നതിനായി വിട്ടുനൽകുന്നതിനുള്ള ഏർപ്പാടുകൾ നടത്തുകയും ചെയ്തു. പൂർണ്ണമായും സൗജന്യമായാണ് ഹെലികോപ്റ്റർ സേവനം വിട്ടു നൽകിയത്.

ഹൃദയധമനികൾക്ക് വീക്കം സംഭവിക്കുന്ന കവാസാക്കി എന്ന അസുഖം ആയിരുന്നു ഹൃദയം സ്വീകരിച്ച വ്യക്തിക്ക് ഉണ്ടായിരുന്നത്. 2012 അദ്ദേഹം മറ്റൊരു ആശുപത്രിയിൽ ബൈപ്പാസ് സർജറിക്കും പിന്നീട് ആൻജിയോപ്ലാസ്റ്റിക്കും വിധേയനായിരുന്നു. അതിനുശേഷം ഹൃദയപരാജയം സംഭവിക്കുകയും ലിസി ആശുപത്രിയിൽ എത്തുകയുമായിരുന്നു. അദ്ദേഹത്തെ പരിശോധിച്ച ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെയും ഡോ. റോണി മാത്യു കടവിലിന്റെയും നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം ഹൃദയം മാറ്റിവയ്ക്കലാണ് ഏക പോംവഴി എന്ന് നിർദ്ദേശിക്കുകയും തുടർന്ന് ഹൃദയത്തിനായി കെസോട്ടോയിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുകയും ആയിരുന്നു.

രാവിലെ നാലു മണിയോടെ ഡോ. ജേക്കബ് എബ്രഹാം, ഡോ. ജീവേഷ് തോമസ്, ഡോ. ജോ ജോസഫ്, ഡോ. ശ്രീശങ്കർ എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം കിംസ് ആശുപത്രിയിലേക്ക് തിരിക്കുകയും എട്ടു മണിയോടെ അവിടെയെത്തി ഹൃദയം എടുക്കുന്നതിനുള്ള ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു. ശസ്ത്രക്രിയ പൂർത്തിയാക്കി ഉച്ചക്ക് 12:35ന് തിരുവനന്തപുരത്തു നിന്നും പുറപ്പെട്ട ഹെലികോപ്റ്റർ 1:30 ഓടെ ഹയാത്തിന്റെ ഹെലിപാടിൽ എത്തുകയും കേവലം നാലു മിനിറ്റുകൊണ്ട് പോലീസ് സേന ഒരുക്കിയ ഗ്രീൻ കോറിഡോറിലൂടെ ലിസി ആശുപത്രിയിൽ എത്തിച്ച് ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു. നാലു മണിക്കൂറിനുള്ളിൽ തന്നെ ഹൃദയം പുതിയ ശരീരത്തിൽ സ്പന്ദിക്കുവാൻ തുടങ്ങി.

ഡോ. ഭാസ്കർ രംഗനാഥൻ, ഡോ. പി മുരുകൻ, ഡോ. ജോബ് വിൽസൺ, ഡോ. ഗ്രേസ് മരിയ, ഡോ. ആന്റണി ജോർജ്, ഡോ. ആയിഷ നാസർ, രാജി രമേഷ്, സൗമ്യ സുനീഷ് എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികൾ ആയിരുന്നു. 7 മണിയോടെ ശസ്ത്രക്രിയ പൂർത്തിയായി. അടുത്ത 48 മണിക്കൂർ ശസ്ത്രക്രിയ പോലെ തന്നെ പ്രധാനപ്പെട്ടതാണെന്ന് ഡോ. ജോസ് ചാക്കോ പെരിയപുറം പറഞ്ഞു.

# മൺട്രോതുരുത്തിൽ റെയിൽ ലിങ്ക്ഡ് ടൂറിസം പദ്ധതി വരുന്നു

**കൊല്ലം:** ജില്ലയിലെ അതിവേഗം വളർന്നു വരുന്ന പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായ മൺട്രോതുരുത്തിൽ റെയിൽവേ ലിങ്ക്ഡ് ടൂറിസം പദ്ധതി വരുന്നു. ഇതു നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപറേഷൻ ആരംഭിച്ചു കഴിഞ്ഞു.



മൺട്രോതുരുത്തിലെ 12 ഏക്കറിലധികം വിസ്തൃതിയിലുള്ള റെയിൽവേ ഭൂമിയെ വിനോദ സഞ്ചാര വികസനത്തിനായി പ്രയോജനപ്പെടുത്തുക എന്നതാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. റെയിൽവേയുടെ സ്വന്തം സ്ഥലത്ത് രാജ്യത്ത് ആദ്യമായി നടപ്പാക്കുന്ന പദ്ധതിയാണ് ഇതെന്ന സവിശേഷതയുമുണ്ട്.

ഇതിന്റെ ഭാഗമായി ഐആർസിടിസി നേതൃത്വത്തിൽ ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനെ ബന്ധപ്പെടുത്തി യോഗം ചേർന്നിരുന്നു. ഈ യോഗത്തിൽ മൺട്രോതുരുത്തിലെ ഭൂമി ടൂറിസം വികസനത്തിനു പ്രയോജനപ്പെടുത്താൻ ഓഫീസർ ലെവൽ കമ്മിറ്റിയെ രൂപീകരിച്ചു പ്രാഥമിക പഠനം നടത്താൻ തീരുമാനിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ ദക്ഷിണ റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥർ തയാറാക്കുന്ന ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഐആർസിറ്റിസി സമഗ്രമായ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുമെന്നും യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

ഇക്കോ ടൂറിസം റിസോർട്ട്, ഹെറിറ്റേജ് ഹോം സ്റ്റേകൾ, ഹെറിറ്റേജ് വില്ലേജ്, ആയുർവേദ വെൽനസ് സെൻറർ, കലാ സാംസ്കാരിക കേന്ദ്രങ്ങൾ. തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടും.

സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് റെയിൽവേ ലിങ്ക്ഡ് പാക്കേജ് ടൂറിസവും പരിഗണനയിലാണ്. തിരുവനന്തപുരം, കൊച്ചുവേളി, കൊല്ലം തുടങ്ങിയ റൂട്ടുകളെ ഉൾപ്പെടുത്തി വിനോദ സഞ്ചാരികൾക്ക് പ്രത്യേക പാക്കേജ് ആണ് ഇതുവഴി ലക്ഷ്യമിടുന്നത്.മൺട്രോതുരുത്തിലെ റെയിൽവേ ഭൂമി വിനോദ സഞ്ചാര വികസനത്തിന് പ്രയോജനപ്പെടുത്തുന്ന പദ്ധതിയിലൂടെ പരിസ്ഥിതി സൗഹൃദവും ഹെറിറ്റേജ് അടിസ്ഥാനപ്പെടുത്തിയുമുള്ള ടൂറിസം കേന്ദ്രം രൂപപ്പെടുമെന്നാണ് കരുതുന്നത്.

ഇതു സംസ്ഥാനത്തിൻറേതടക്കം ടൂറിസം മേഖലയിലെ വരുമാനം വർധിപ്പിക്കുന്നതിന് ഒപ്പം പ്രാദേശിക തൊഴിൽ അവസരങ്ങളും ജീവിതോപാധികളും ശക്തിപ്പെടുത്തുമെന്നാണ് വിലയിരുത്തൽ. മാത്രമല്ല കേരളത്തിൻറെ വിനോദ സഞ്ചാര ഭൂപടത്തിൽ മൺട്രോതുരുത്തിനു പുതിയ മുന്നേറ്റം നൽകാനും പദ്ധതി സഹായകരമാകും. അഷ്ടമുടിക്കായലും കല്ലടയാറും ചുറ്റി നിൽക്കുന്ന മനോഹരമായ ദ്വീപാണ് മൺട്രോതുരുത്ത്.

പരമ്പരാഗത മത്സ്യബന്ധനവും കൃഷിയുമാണ് പ്രദേശവാസികളുടെ പ്രധാന ജീവിതോപാധികൾ. അതുകൊണ്ട് തന്നെ ഈ പ്രദേശം പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരത്തിന് ഏറ്റവും അനുയോജ്യമാണ്. മൺട്രോതുരുത്ത് റെയിൽവേ സ്റ്റേഷനും ഇതിന് വളരെ അടുത്താണ് സ്ഥിതി ചെയ്യുന്നത്. അക്കാരണത്താൽ തന്നെ റെയിൽവേ അടിസ്ഥാനമാക്കിയുള്ള വിനോദ സഞ്ചാര വികസനത്തിന് വമ്പൻ സാധ്യതകളാണ് ഇവിടെയുള്ളത്

## കൊല്ലത്ത് എയർ കോൺകോഴ്സ് നിർമാണം ഉടൻ: ട്രെയിൻ ഗതാഗതം തടസപ്പെടുമെന്ന് റെയിൽവേ

**കൊല്ലം:** കൊല്ലം റെയിൽവേ സ്റ്റേഷൻ നവീകരണ ഭാഗമായി എയർ കോൺകോഴ്സിന്റെ നിർമാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. ഇതിന്റെ ഭാഗമായി നിലവിലുള്ള സൗത്ത് ടെർമിനൽ കെട്ടിടം പൊളിച്ചുനീക്കും.



ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷണൽ ഓഫീസ് പുറത്തിറക്കിയ അറിയിപ്പ് പ്രകാരം ഈ പ്രവർത്തനങ്ങൾ കാരണം തീവണ്ടി ഗതാഗതത്തിനു മാറ്റങ്ങളും കാലതാമസങ്ങളും ഉണ്ടാകും.

എയർ കോൺകോഴ്സിനായുള്ള തൂണുകൾ, കോർബെൽ, ട്രെസ്റ്റിൽ ബീമുകൾ എന്നിവ ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലാണ് സ്ഥാപിക്കുക. നിലവിലെ സൗത്ത് ടെർമിനൽ കെട്ടിടം പൊളിച്ചുനീക്കുന്ന ജോലികളും ഇതിനോടൊപ്പം നടക്കും.

നവംബർ 14 വരെയാണ് ഈ ജോലികൾ നടക്കുക. നിർമാണ പ്രവർത്തനങ്ങൾക്കായി ദിവസവും ഒരു മണിക്കൂർ 30 മിനിറ്റും (രാവിലെ 10.45 മുതൽ 12.15 വരെ) പിന്നീട് അഞ്ച് മണിക്കൂറും (രാത്രി 10.30 മുതൽ പുലർച്ചെ 3.30 വരെ) പവർ ബ്ലോക്ക് അനുവദിച്ചിട്ടുണ്ട്.

പവർ ബ്ലോക്ക് സമയത്ത് എല്ലാ ഡൗൺ ട്രെയിനുകളും (തിരുവനന്തപുരം ഭാഗത്തേയ്ക്ക്) മൂന്നാം നമ്പർ പ്ലാറ്റ്ഫോം വഴിയായിരിക്കും കടന്നുപോവുക. ഇത് ട്രെയിനുകളുടെ യാത്രയിൽ 20 മിനിറ്റ് അധിക കാലതാമസം ഉണ്ടാക്കാൻ സാധ്യതയുണ്ട്.

ഡൗൺ ട്രെയിനുകൾ അപ് ലൈനിലൂടെ കടന്നുപോകുന്നത് കാരണം അപ് ട്രെയിനുകൾക്കും (എറണാകുളം ഭാഗത്തേയ്ക്ക്) 20 മിനിറ്റ് വരെ കാലതാമസം നേരിടാം. ഈ നിർമാണ പ്രവർത്തനങ്ങൾ സുരക്ഷിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ എല്ലാ മുൻകരുതലുകളും ഉറപ്പാക്കുമെന്നും യാത്രക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകുമെന്നും തിരുവനന്തപുരം റെയിൽവേ ഡിവിഷൻ അധികൃതർ അറിയിച്ചു.

# അഷ്ടമിരോഹിണി വള്ളസദ്യ 14ന്

**ആറന്മുള:** ആറന്മുള അഷ്ടമിരോഹിണി വള്ളസദ്യ 14ന്. രാവിലെ 10.30ന് മന്ത്രി വി.എൻ വാസവൻ വള്ളസദ്യയും സമൂഹസദ്യയും ഉദ്ഘാടനം ചെയ്യും. 52 പള്ളിയോടങ്ങളിലായി എത്തുന്ന കരക്കാരെ സ്വീകരിച്ച് 11.30ന് സദ്യയ്ക്കു തുടക്കമാകും.

അന്നേദിവസം ക്ഷേത്രത്തിലെത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും വിഭവ സമൃദ്ധമായ സദ്യ നൽകുന്നതിനാണ് ഒരുക്കങ്ങൾ നടക്കുന്നത്. അമ്പലപ്പുഴ പാൽപ്പായസം ഉൾപ്പെടെ വള്ളസദ്യക്കുള്ള വിഭവങ്ങൾ ചേർത്താണ് സദ്യ ഒരുക്കുന്നത്.

ഭക്തജനങ്ങൾക്ക് സംഭാവന നൽകുന്നതിന് ദേവസ്വം ബോർഡും പള്ളിയോട സേവാ സംഘവും ചേർന്നു തയാറാക്കിയിട്ടുള്ള ടിക്കറ്റുകൾ ലഭ്യമാണ്. 10,000, 5,000, 2,000, 1,000 എന്നീ ക്രമത്തിലുള്ള ടിക്കറ്റുകളാണ് തയാറാക്കിയിട്ടുള്ളത്. ആറന്മുള ദേവസ്വം ഓഫീസിലും ആനക്കൊട്ടിൽ പ്രത്യേക കൗണ്ടറിലും പള്ളിയോട സേവാസംഘം ഓഫീസിലും ടിക്കറ്റുകൾ ലഭ്യമാണ്. സംഭാവന നൽകുന്നവർക്ക് പാഞ്ചജന്യം ഓഡിറ്റോറിയത്തിലാണ് സദ്യ ക്രമീകരിച്ചിട്ടുള്ളത്. കരയിലെ വിശിഷ്ട വ്യക്തികൾക്ക് വിനായക ഓഡിറ്റോറിയത്തിൽ അഷ്ടമിരോഹിണി സദ്യ നൽകും.

ഒരു സ്ഥലത്ത് ഇത്രയധികം ആളുകൾ ഒരുമിച്ചിരുന്ന് സദ്യ വിഭവങ്ങൾ ആസ്വദിക്കുന്നത് ലോകത്തിൽ ആറന്മുള മാത്രമാണ്. അഷ്ടമിരോഹിണി വള്ളസദ്യക്ക് ഹൈക്കോടതി നിർദ്ദേശപ്രകാരം രൂപീകരിച്ചിട്ടുള്ള നിർവഹണസമിതിയാണ് മേൽനോട്ടം വഹിക്കുന്നത്. ക്യാപ്റ്റൻ രവീന്ദ്രൻ നായർ ഭക്തജന പ്രതിനിധിയായും ശശി കണ്ണങ്കേരിൽ ഉപദേശക സമിതി പ്രതിനിധിയായും ദേവസ്വം പ്രതിനിധികളായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ. രേവതി, അസിസ്റ്റന്റ് കമ്മീഷണർ എസ്. ശ്രീലേഖ, പള്ളിയോടസംഘം സെക്രട്ടറി പ്രസാദ് ആനന്ദഭവൻ, പ്രസിഡന്റ് കെ.വി. സാംബദേവൻ എന്നിവർ അംഗങ്ങളാണ്.

# മുംബൈ–തിരുവനന്തപുരം നോർത്ത് ലോക്മാന്യതിലക് സ്പെഷൽ ട്രെയിൻ അനുവദിച്ചു

**ചങ്ങനാശേരി:** മുംബൈ-തിരുവനന്തപുരം നോർത്ത് ലോകമാന്യതിലക് സ്പെഷൽ ട്രെയിൻ അനുവദിച്ചു. സെപ്റ്റംബർ 25 മുതൽ നവംബർ 27 വരെ കോട്ടയം വഴി സർവീസ് നടത്തുന്ന ഈ ട്രെയിനിന് ചങ്ങനാശേരി, ചെങ്ങന്നൂർ, മാവേലിക്കര, ശാസ്താംകോട്ട എന്നീ സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

മുംബൈയിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്ന നിരവധി മലയാളികൾ സ്ഥിരമായി ഉന്നയിച്ച ആവശ്യപ്രകാരം, റെയിൽവേ മന്ത്രി, റെയിൽവേ ബോർഡ് തുടങ്ങിയവരോട് നടത്തിയ ഇടപെടലുകളുടെ ഫലമായിട്ടാണ് ഈ പ്രത്യേക ട്രെയിൻ അനുവദിക്കാൻ കഴിഞ്ഞത്.

മുംബൈയിലുമുള്ള മലയാളികളുടെ യാത്രാസൗകര്യം വർധിപ്പിക്കുന്നതിൽ ഈ തീരുമാനം വലിയ ആശ്വാസം നൽകും.

# ദ് ഫോർത്ത് സ്റ്റേറ്റ്: പ്ലാസ്മ എക്സിബിഷൻ 15 മുതൽ സെയിന്റ് ഗിറ്റ്സിൽ

**കോട്ടയം:** ആറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാസ്മ റിസർച്ചിന്റെ സഹകരണത്തോടെ സെയിന്റ് ഗിറ്റ്സ് എൻജിനിയറിംഗ് കോളജ് (ഓട്ടോണമസ്) കാമ്പസിൽ ദ് ഫോർത്ത് സ്റ്റേറ്റ് പ്ലാസ്മ എക്സിബിഷൻ 15 മുതൽ 19 വരെ നടക്കും. രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30വരെ നടക്കുന്ന ശാസ്ത്രീയ പ്രദർശനം സ്കൂൾ, കോളജ് വിദ്യാർഥികൾക്കും അധ്യാപകർക്കും പ്ലാസ്മയുടെ അത്ഭുതലോകത്തിലേക്ക് കൗതുകകരവും വിജ്ഞാനമേകുന്നതുമായ അനുഭവമാകുമെന്ന് സംഘാടകർ അറിയിച്ചു.

ഭൗതികശാസ്ത്രം, രസതന്ത്രം, എൻജിനിയറിംഗ് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മോഡലുകളും ലൈവ് ഡെമോൺസ്ട്രേഷനുകളും വെർച്വൽ റിയാലിറ്റി അനുഭവങ്ങളും മുഖേന ശാസ്ത്രത്തിന്റെ ആപ്ലിക്കേഷനുകൾ വിദ്യാർഥികൾക്ക് കാണാൻ അവസരം ലഭിക്കും.

പ്ലാസ്മയുടെ പെരുമാറ്റം, സൂപ്പർകണ്ടക്ടിവിറ്റി, മാഗ്നറ്റിക് ലെവിറ്റേഷൻ, ടോക്കാമാക് മോഡലുകൾ എന്നിവയും ന്യൂക്ലിയർ ഫ്യൂഷൻ റിയാക്റ്ററിൻെറ വെർച്വൽ റിയാലിറ്റി ഷോയും ഇതോടൊപ്പം ഒരുക്കുന്നുണ്ട്.

# സെന്റ് അലോഷ്യസ് കോളജിൽ ദേശീയ സെമിനാർ

**എൽത്തുരുത്ത്:** സെന്റ് അലോഷ്യസ് കോളജ് ലൈബ്രറി വിഭാഗം റീ ഇമാജിനിംഗ് ലൈബ്രറി വിസിബിലിറ്റി: കണക്റ്റിംഗ് പീപ്പിൾ ആൻഡ് പോസിബിലിറ്റീസ് എന്ന വിഷയത്തിൽ ദേശീയസെമിനാർ സംഘടിപ്പിച്ചു.

മാനേജർ ഫാ. തോമസ് ചക്രമാക്കിൽ സിഎംഐ ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. ഇ.ഡി. ഡയസ് അധ്യക്ഷത നിർവഹിച്ചു. റവ.ഡോ. ജോൺ നീലങ്കാവിൽ മുഖ്യപ്രഭാഷണം നടത്തി. ലൈബ്രറികളുടെ പരിവർത്തനശേഷി ശാസ്ത്രം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ എന്നിവയുമായി ബന്ധിപ്പിക്കുന്നതിൻറെ ആവശ്യകത വിശദീകരിച്ചു.

സെമിനാറിൽ കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. അരുൺ ജോസ്, ഡോ. കെ.ബി. ലിബിസൺ, ഡോ. റോണി സെബാസ്റ്റ്യൻ, സി. അബ്ദുൽ റസാഖ്, കെ.യു. മുജീബ് റഹിമാൻ, സാൻജോ ജോസ്, വി. വിനീത ഡേവിസ്, എം.ജെ. ജൂലിറ്റ് എന്നിവർ പ്രസംഗിച്ചു.



# യൂറിയ കിട്ടാനില്ല; പകരം മൂന്നിരട്ടി വിലയ്ക്ക് മിശ്രിത വളം

**കടുത്തുരുത്തി:** യൂറിയ കിട്ടാനില്ല. നെൽകർഷകർ കടുത്ത പ്രതിസന്ധിയിൽ. അപ്പർ കുട്ടനാടൻ മേഖലയിൽ അടക്കം നെൽകർഷകർ വലയുകയാണ്. നെൽകർഷകർ പ്രധാനമായും ഉപയോഗിക്കുന്ന വളങ്ങളിലൊന്നാണ് യൂറിയ. മാസങ്ങളായി യൂറിയ കിട്ടാനില്ലെന്നാണ് കർഷകർ പറയുന്നത്.

തങ്ങൾക്കു കിട്ടുന്നില്ലെങ്കിലും വൻകിട കമ്പനികൾ അത് ആവശ്യം പോലെ വാങ്ങിയെടുക്കുന്നുണ്ടെന്ന് കർഷകർ ആരോപിക്കുന്നു. യൂറിയ കിട്ടാത്തതുമൂലം മിശ്രിത വളങ്ങളാണ് കർഷകർ ഇപ്പോൾ കൂടുതലായി ഉപയോഗിക്കേണ്ടി വരുന്നത്. ഇതിനു മൂന്നിരട്ടിയോളം വില നൽകണം. എന്നാൽ, യൂറിയ ഉപയോഗിക്കുന്നതിന്റെ പ്രയോജനം കിട്ടുന്നില്ലെന്നും കർഷകർ പറയുന്നു.

നടീൽ കഴിഞ്ഞ് ഒരു മാസത്തിനകവും കതിർ വരുന്നതിനു മുമ്പായിട്ടും നൽകേണ്ട വളങ്ങളിൽ പ്രധാനമാണ് യൂറിയ. യഥാസമയത്തുള്ള വളപ്രയോഗമാണ് നെൽകൃഷിക്കു പ്രധാനം. 50 കിലോ യൂറിയക്ക് ശരാശരി 300 രൂപ വരെയാണ് വില. അതേസമയം, മിശ്രിത വളത്തിന് 1500 രൂപയോളം ചെലവ് വരും. ഒരേക്കർ സ്ഥലത്ത് കൃഷിയിറക്കാൻ ഏതാണ്ട് 20,000 ത്തോളം രൂപ ചെലവുണ്ട്. യൂറിയ കിട്ടാതായതോടെ കൃഷിച്ചെലവ് കുതിച്ചുയരുന്ന സ്ഥിതിയാണ്.

ഓരോ സീസണിലെയും കൃഷിയുടെ അടിസ്ഥാനത്തിലാണ് കേന്ദ്രകൃഷി മന്ത്രാലയും സംസ്ഥാനങ്ങൾക്കു വളങ്ങൾ അനുവദിക്കുന്നത്.

കേന്ദ്രസർക്കാർ അനുവദിക്കുന്ന സബ്സിഡി നിരക്കിലാണ് വളം കർഷകർക്കു നൽകുന്നത്. കാർഷികാവശ്യത്തിനു നൽകുന്ന വളങ്ങൾ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതു തടയാൻ പോസ്റ്റ് ഓഫ് സെയിൽ (പിഒഎസ്) യന്ത്രത്തിൽ രേഖപ്പെടുത്തിയാണ് വിതരണം.

ഇക്കാര്യത്തിലുണ്ടായ പാകപ്പിഴകളാണ് യൂറിയ ക്ഷാമത്തിനു കാരണമെന്നാണ് ഔദ്യോഗിക വിശദീകരണം. ഐപിഎൽ, എംഎഫ്എൽ, സ്പിക്, ഇഫ്കോ തുടങ്ങിയ കമ്പനികളാണ് യൂറിയ പ്രധാനമായും ഉത്പാദിപ്പിക്കുന്നത്.

# മേൽപാലങ്ങൾക്ക് അടിയിൽ വി പാർക്ക് മാതൃകയിൽ വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് മുഹമ്മദ് റിയാസ്

**കൊല്ലം:** പൊതുമരാമത്തിന്റെ കീഴിലുള്ള എല്ലാ മേൽപാലങ്ങൾക്കും അടിയിൽ വി പാർക്ക് മാതൃകയിൽ വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് മന്ത്രി മുഹമ്മദ് റിയാസ്. കൊല്ലം എസ്പി ഓഫിസ് മേൽപാലത്തിന് അടിയിലുള്ള വി-പാർക്ക് സന്ദർശിച്ച ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ടൂറിസം വകുപ്പും പൊതുമരാമത്തും സംയുക്തമായിട്ടായിരിക്കും ഇതിനുള്ള നടപടികൾ കൈക്കൊള്ളുക. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പിപിപി) പദ്ധതി പ്രകാരമായിരിക്കും ഇവ നടപ്പിലാക്കുക.

സ്വകാര്യ വ്യക്തികൾക്കോ സഹകരണ സംഘങ്ങൾക്കോ പാർക്ക് നടത്താൻ താൽപര്യമുണ്ടെങ്കിൽ മതിയായ പരിശോധനകൾക്കു ശേഷം എൻഒസി നൽകും. കേരളത്തിൽ ആകെ 10 പാർക്കുകളുടെ നിർമാണം ഈ സർക്കാരിന്റെ കാലത്തു തന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കൊല്ലത്തെ വി-പാർക്കാണ് അതിന്റെ മാതൃകയെന്നും റിയാസ് പറഞ്ഞു. റിയാസിനൊപ്പം എസ്. സുദേവൻ, ചിന്താ ജെറോം, അരുൺ ബാബു എന്നിവരും ഉണ്ടായിരുന്നു.

# നഗരനയം കാലഘട്ടത്തിന്റെ അനിവാര്യതയെന്ന് മുഖ്യമന്ത്രി

**കൊച്ചി:** വൻനഗരങ്ങളും ഉപനഗരങ്ങളുമായി അതിവേഗം നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന കേരളത്തിൽ വ്യക്തവും സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ നഗരനയം ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിച്ച കേരള അർബൻ കോൺക്ലേവ് 2025 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ലോക ജനസംഖ്യയുടെ 60 ശതമാനത്തോളം നഗരങ്ങളിലാണ്. വിസ്തൃതിയിൽ ചെറുതാണെങ്കിലും ജനസാന്ദ്രതയിൽ കേരളം വളരെ മുന്നിലാണ്. 2035 ഓടെ കേരള ജനസംഖ്യയുടെ 90 ശതമാനത്തോളം നഗര ജനസംഖ്യയായി മാറുമെന്നാണ് വിലയിരുത്തൽ.

സാധാരണയായി നഗരവൽക്കരണം വ്യവസായവൽക്കരണത്തിന്റെ ഒരു ഉപഉൽപ്പന്നമാണ്. വൻകിട വ്യവസായ നഗരങ്ങൾക്ക് ചുറ്റും ജനങ്ങൾ തിങ്ങിപ്പാർക്കാൻ തുടങ്ങുകയും നഗരങ്ങൾക്ക് ഉപഗ്രഹനഗരങ്ങൾ ഉണ്ടാവുകയും, അവ പിന്നീട് നഗരങ്ങളായി മാറുകയും ചെയ്യുന്നു. എന്നാൽ കേരളത്തിൽ നഗരവൽക്കരണം സംഭവിക്കുന്നത് വ്യവസായവൽക്കരണത്തോടനുബന്ധിച്ച് മാത്രമല്ല. സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ ഒട്ടേറെ ഘടകങ്ങൾ അതിലുണ്ട്.

കാലാകാലങ്ങളായി വിദേശരാജ്യങ്ങളുമായി നിലനിന്ന വാണിജ്യ ബന്ധം, സമാധാനാന്തരീക്ഷം, സാമൂഹിക ഐക്യം, വിശാലമായ തീരദേശം, ഉയർന്ന ജീവിത നിലവാരം, മെച്ചപ്പെട്ട വരുമാന നിലവാരം, കാലാവസ്ഥാ ഘടകങ്ങൾ എന്നിവയെല്ലാം കേരളത്തിന്റെ നഗരവൽക്കരണത്തിന് കാരണമായിട്ടുണ്ട് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

കുടിയൊഴിപ്പിക്കൽ നിരോധനവും, കാർഷിക നിയമങ്ങളും, ഭൂപരിഷ്കരണ നിയമവും സാധാരണക്കാരെ ഭൂമിയുടെ അവകാശികളാക്കി. വിദ്യാഭ്യാസരംഗത്തെ പരിഷ്കരണങ്ങൾ ജനങ്ങളെ വിദ്യാസമ്പന്നരാക്കി. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ മുതൽ വലിയ വ്യവസായങ്ങൾക്ക് വരെ നൽകിയ പിന്തുണ കേരളത്തിന്റെ എല്ലായിടങ്ങളിലും വ്യവസായങ്ങൾ എത്തിച്ചു. ഇവയെല്ലാം ഭൂരിഭാഗം ഗ്രാമങ്ങളെയും നഗരവൽക്കരണത്തിലേക്ക് നയിച്ചു മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. അതിനുവേണ്ടിയാണ് നവകേരളം എന്ന ആശയം സംസ്ഥാന സർക്കാർ മുന്നോട്ട് വെക്കുന്നത്. സാമൂഹിക സാമ്പത്തിക മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ തുടരുന്നതിനും, നഗരവൽക്കരണം മൂലം സംഭവിക്കുന്ന പാരിസ്ഥിതിക വെല്ലുവിളികളെ നേരിടുന്നതിനുമുള്ള കർമ്മ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഹരിതകേരളം, ലൈഫ്, ആർദ്രം, മാലിന്യമുക്ത നവകേരളം എന്നീ മിഷനുകൾ എല്ലാം ഇതിന്റെ ഭാഗമാണ് മുഖ്യമന്ത്രി പറഞ്ഞു.

പരിസ്ഥിതി സംരക്ഷണം, പാർപ്പിട ലഭ്യത, പൊതു ആരോഗ്യ വിദ്യാഭ്യാസ മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് ഈ കർമ്മ പദ്ധതി ലക്ഷ്യം വെക്കുന്നത്. ഇതിനുവേണ്ടി സംസ്ഥാന സർക്കാർ നേരിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി.

മികച്ച ഗതാഗത സംവിധാനങ്ങളും, റോഡുകളും, ഊർജ്ജലഭ്യതയും ഉറപ്പുവരുത്തി. വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, വാട്ടർ മെട്രോ എന്നിവ ലോകം ഉറ്റുനോക്കുന്ന വികസന പദ്ധതികളാണ്. ഫിസിക്കൽ കണക്ടിവിറ്റി മാത്രമല്ല വെർച്വൽ കണക്ടിവിറ്റിയും ഉറപ്പാക്കി. കെ ഫോൺ- പബ്ലിക് വൈഫൈ, ഹോട്ട്സ്പോട്ട് എന്നിവ നടപ്പാക്കി മുഖ്യമന്ത്രി പറഞ്ഞു.



## കാലാവസ്ഥാ പ്രവചനം മുതൽ ബോട്ട് നിർമ്മാണം വരെ

# പരമ്പരാഗത കടലറിവുകൾ മത്സ്യമേഖലയുടെ കരുത്തെന്ന് വിദഗ്ധർ

**കൊച്ചി:** കാലാവസ്ഥാ പ്രവചനം മുതൽ ബോട്ട് നിർമ്മാണം വരെ സമുദ്രമത്സ്യമേഖലയിലെ നിർണായക ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത കടലറിവുകൾ കരുത്താകുമെന്ന് വിദഗ്ധർ. കാലാവസ്ഥാ പ്രവചന മോഡലിംഗ്, റിമോട് സെൻസിംഗ് തുടങ്ങിയ ഏറ്റവും പുതിയ ശാസ്ത്രസാങ്കേതികവിദ്യകളുമായി ഇവയെ സംയോജിപ്പിക്കണമെന്ന് മത്സ്യമേഖലയിലെ വിദഗ്ധർ പങ്കെടുത്ത പാനൽ ചർച്ചയിൽ നിർദേശമുയർന്നു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന പാനൽ ചർച്ചയിൽ ഫിഷറീസ് ശാസ്ത്രജ്ഞർ, ഷിപ്പിംഗ് തുറമുഖ വിദഗ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, സംരംഭകർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

തലമുറകളായി മത്സ്യത്തൊഴിലാളികൾ കാറ്റിന്റെ ദിശ, സമുദ്ര പ്രവാഹങ്ങൾ, കള്ളക്കടൽ എന്നിവ നിരീക്ഷിച്ച് കാലാവസ്ഥയും മത്സ്യലഭ്യതയും മനസ്സിലാക്കാറുണ്ട്. കടലിലും ആകാശത്തിലും കാണുന്ന പ്രത്യേക അടയാളങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കാനും കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കാനുമുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സിദ്ധി പരമാവധി പ്രയോജനപ്പെടുത്തണം. ഇതിനെ ഉപഗ്രഹ മോഡലിംഗ് പോലുള്ള ശാസ്ത്രവിദ്യകളുമായി സംയോജിപ്പിക്കാൻ ശ്രമങ്ങളുണ്ടാകണം.

കടലിൽ സുരക്ഷ വർധിപ്പിക്കാനും കാലാവസ്ഥാ മുന്നറിയിപ്പുകളും മൺസൂൺ പ്രവചനങ്ങളും കൂടുതൽ കുറ്റമറ്റതാക്കുന്നതിനും ഇത് ഗുണം ചെയ്യുമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന അവരുടെ സാങ്കേതിക വിദ്യകൾ പഠിക്കാനും രേഖപ്പെടുത്താനും മറൈൻ എഞ്ചിനീയറിംഗിൽ ഒരു പുതിയ സമീപനം ആവശ്യമാണെന്ന് പാനൽ ചർച്ച ഉദ്ഘാടനം ചെയ്ത കുഫോസ് വൈസ്ചാൻസലർ ഡോ എബിജു കുമാർ പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ സമഗ്രവും മത്സ്യത്തൊഴിലാളികളെ കൂടി പങ്കാളികളാക്കിയുള്ള സമീപനം വേണം. മൺസൂണിന്റെ ഗതിയെയും അതുമായി ബന്ധപ്പെട്ട് കടലിലുണ്ടാകുന്ന പ്രത്യേതകളിലും കാലാവസ്ഥാവ്യതിയാനം മാറ്റം വരുത്തിയിട്ടുണ്ട്.

കടലിൽ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കൂടുന്നത് മത്സ്യസമ്പത്തിനും ആവാസവ്യവസ്ഥയ്ക്കും കടുത്ത ഭീഷണിയാണ്. കടലോരങ്ങളെ പ്ലാസ്റ്റിക് മുക്തമാക്കാൻ ഹരിത കർമസേന മാതൃകയിൽ സ്ത്രീകളെ പങ്കാളികളാക്കി നീലകർമ സേനക്ക് രൂപം നൽകണം. കടൽഭിത്തി നിർമാണം തീരക്കടലുകളുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്നുണ്ട്. ഇതിന് പകരമായി, ജൈവ ഫെൻസിംഗ് പോലുള്ള ഹൈബ്രിഡ് മോഡലുകൾ കൊണ്ടുവരണം. നയരൂപീകരണങ്ങളിൽ മത്സ്യമേഖലയിലുള്ള എല്ലാവരുടെയും പ്രാതിനിധ്യം ഉറപ്പാക്കണമെന്നും പാനൽ ചർച്ച നിർദേശിച്ചു.

ഓഷ്യൻ സെന്റേഴ്സ് ഇന്ത്യയും സിഎംഎഫ്ആർഐയും സംയുക്തമായാണ് പാനൽ ചർച്ച സംഘടിപ്പിച്ചത്. മത്സ്യമേഖലയിലെ സുരക്ഷയും സുസ്ഥിരതയും, തുറമുഖഷിപ്പിംഗ് മേഖലയുടെ ആഘാതങ്ങളും വെല്ലുവിളികളും എന്നീ രണ്ട് വിഷയങ്ങളിലാണ് ചർച്ച നടന്നത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആൻഡ് ട്രെയിനിംഗ് ഡയറക്ടർ ഡോ ഷൈൻ കുമാർ സി.എസ്, ഡോ. വി.വി.ആർ. സുരേഷ്, രത്നേഷ് ഝാ, ഡോ. രവി രാജ് ആട്രി, ഡോ. ശോഭ ജോ കിഴക്കൂടൻ, ഡോ. രമ്യ എൽ എന്നിവർ സംസാരിച്ചു.

# ഇക്വിറ്റി ഫണ്ടുകളിലെ നിക്ഷേപ വരവിൽ 22% ഇടിവ്: ഓഗസ്റ്റിലെത്തിയത് 33,430 കോടി



**ന്യൂദൽഹി:** ഓഹരി അധിഷ്ഠിത മ്യൂചൽ ഫണ്ടുകളിൽ ഓഗസ്റ്റിൽ എത്തിയ നിക്ഷേപത്തിൽ 22 ശതമാനം ഇടിവ് രേഖപ്പെടുത്തി. ജൂലായിലെ 42,702 കോടിയെ അപേക്ഷിച്ച് ഓഗസ്റ്റിൽ 33,430 കോടിയായി.

സ്മോൾ ക്യാപ് ഫണ്ടുകളിലാണ് കൂടുതൽ ഇടിവ് പ്രകടമായത്. 6,484 കോടിയിൽനിന്ന് 4,992 കോടിയായി. ലാർജ് ക്യാപ് ഫണ്ടുകളിലെ നിക്ഷേപം 2,125 കോടിയിൽനിന്ന് 2,834 കോടിയായി ഉയരുകയും ചെയ്തതായി അസോസിയേഷൻ ഓഫ് മ്യൂചൽ ഫണ്ട്സ് ഇൻ ഇന്ത്യ(ആംഫി) പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു. മിഡ് ക്യാപ് ഫണ്ടുകളിലെ നിക്ഷേപത്തിലും വർധനവാണ് രേഖപ്പെടുത്തിയത്. 5,182 കോടിയിൽനിന്ന് 5,330 കോടിയായി.

എസ്ഐപി നിക്ഷേപത്തിൽ നേരിയ തോതിൽ കുറവുണ്ടായി. ഓഗസ്റ്റിലെ എസ്ഐപി നിക്ഷേപ വരവ് 28,264.95 കോടിയാണ്. ജൂലായിൽ 28,464 കോടിയായിരുന്നു. ഓഗസ്റ്റിലെ കണക്കു പ്രകാരം മൊത്തം എസ്ഐപി ആസ്തി(എയുഎം) 15,18,368 കോടി രൂപയാണ്. ഇത് മൊത്തം മ്യൂചൽ ഫണ്ട് ആസ്തിയുടെ 20.2 ശതമാനമാണ്.

ഡെറ്റ് മ്യൂചൽ ഫണ്ടുകളിൽനിന്ന് ഓഗസ്റ്റിൽ 7,979 കോടി രൂപയുടെ അറ്റ പിൻവലിക്കൽ ഉണ്ടായി. ജൂലായിൽ ഈ വിഭാഗത്തിലെ ഫണ്ടുകളിൽ 1.06 ലക്ഷം കോടി രൂപയുടെ നിക്ഷേപമെത്തിയിരുന്നു. മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ടുകളിലെ നിക്ഷേപത്തിലും കാര്യമായ ഇടിവ് രേഖപ്പെടുത്തി. ജൂലായിലെ 6,197 കോടിയിൽനിന്ന് 3,527 കോടിയായി. ആർബിട്രേജ് ഫണ്ടുകളിൽ ജൂലായിലെ 7,295 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ ഓഗസ്റ്റിൽ 6,666 കോടിയായി കുറയുകയും ചെയ്തു.

ഓഗസ്റ്റിൽ 23 പുതിയ ഫണ്ട് (എൻഎഫ്ഒ)കളാണ് വിപണിയിലെത്തിയത്. ഇതുവഴി 2,859 കോടി രൂപ സമാഹരിച്ചു. ഇതിൽ രണ്ട് തീമാറ്റിക് ഫണ്ടുകളും ആറ് ഇടിഎഫുകളും ഉൾപ്പെടുന്നു.

# ഓണവിപണിയിൽ തിളങ്ങി കൈത്തറി; 130.39 കോടിയുടെ വിറ്റുവരവ്

**കൊച്ചി:** ഓണക്കാലത്ത് കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പനയിൽ മിന്നും നേട്ടം. കൈത്തറി സഹകരണ, ഇതര മേഖലകളിൽ ഓണം കാലയളവുവരെ ഏകദേശം 138.93 കോടി രൂപയുടെ തുണിത്തരങ്ങളാണ് ഉത്പാദിപ്പിച്ചത്. ഇതിൽനിന്ന് 130.39 കോടിയുടെ വിറ്റുവരവ് ലഭിച്ചതായി ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടർ ഡോ. കെ.എസ്. കൃപകുമാർ പറഞ്ഞു.

ഓഗസ്റ്റ് നാലു മുതൽ സെപ്റ്റംബർ നാലുവരെയുള്ള കണക്കാണിതെന്നും ഉത്രാടം, തിരുവോണം ദിവസങ്ങളിലെ വിൽപ്പനയുടെ കണക്കുകൾ ലഭ്യമാകുന്നതേയുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി.

ഇത്തവണ ഓണം കളറാക്കാൻ വൈവിധ്യമാർന്ന കൈത്തറി വസ്ത്ര ശേഖരമായിരുന്നു വിപണിയിൽ എത്തിയത്. കസവുമുണ്ടുകൾ, സാരികൾ, സെറ്റ് സാരികൾ, പ്രിൻറഡ് സാരികൾ, കാവി മുണ്ടുകൾ ഇവയെല്ലാം ഓണവിപണിയിൽ കൈത്തറിയുടെ തിളക്കം കൂട്ടി.

തീർത്തും പ്രകൃതിദത്ത ചായങ്ങൾ ഉപയോഗിച്ചു നിർമിച്ച പ്രിൻറഡ് സാരികളും ഇത്തവണ ഓണവിപണിയിലെ താരമായിരുന്നു. ബാലരാമപുരം, കൂത്താമ്പുള്ളി, ചേന്ദമംഗലം, കണ്ണൂർ കൈത്തറി വസ്ത്ര ബ്രാൻഡുകൾക്കും നല്ല ഡിമാൻഡായിരുന്നു.

15 ക്ലസ്റ്ററുകൾ രൂപീകരിച്ച് ഡിസൈനർമാരുടെ സഹായത്തോടെ പ്രത്യേക കളർ പാറ്റേണുകളിലുള്ള കൈത്തറി വസ്ത്രങ്ങളാണ് ഇത്തവണ വിപണിയിലെത്തിയത്. നൂലിന്റെ കനമനുസരിച്ചാണ് കൈത്തറി വസ്ത്രങ്ങളുടെ വില നിശ്ചയിക്കുന്നത്.

# പുതിയ 17 സീരീസ് ഐഫോണുകൾക്ക് ക്രോമയിൽ പ്രീബുക്ക് സൗകര്യം

**കൊച്ചി:** ആപ്പിളിന്റെ പുതിയ ഐഫോൺ 17 നിരയിലെ ഫോണുകളായ ഐഫോൺ 17, ഐഫോൺ 17 പ്രോ, ഐഫോൺ 17 പ്രോ മാക്സ്, അൾട്രാതിൻ ഐഫോൺ എയർ എന്നിവ എല്ലാ ക്രോമ സ്റ്റോറുകളിലും ലഭ്യമാകും. രാജ്യത്തെ 206 നഗരങ്ങളിലായുള്ള 574 ക്രോമ സ്റ്റോറുകളിലും ഓൺലൈനായി www.croma.com എന്ന വെബ്സൈറ്റിലും ഐഫോൺ 17 സീരീസ് ഫോണുകൾ പ്രീബുക്കിംഗ് ചെയ്യാവുന്നതാണ്.

ആപ്പിൾ വാച്ച് സീരീസ് 11, ആപ്പിൾ വാച്ച് അൾട്രാ 3, ആപ്പിൾ വാച്ച് എസ്ഇ 3, എയർപോഡ്സ് പ്രോ 3 എന്നിവയുടെ പ്രീബുക്കിംഗും ക്രോമയിൽ ലഭ്യമാണ്. ഐഫോൺ പ്രീഓർഡറുകൾ സെപ്റ്റംബർ 12 ന് വൈകുന്നേരം 5:30 ന് ആരംഭിക്കും. ഐഫോണുകൾ സെപ്റ്റംബർ 19 രാവിലെ 8:00 മുതൽ ലഭ്യമാകും. വാച്ചുകളുടെയും എയർപോഡുകളുടെയും പ്രീഓർഡറുകൾ ആരംഭിച്ചു. സെപ്റ്റംബർ 19 രാവിലെ 8:00 മുതൽ ഉൽപ്പന്നങ്ങൾ ലഭ്യമാകും. വലിയ ഡിസ്പ്ലേകൾ, എ19സീരീസ് ചിപ്പുകൾ, അപ്ഗ്രേഡുചെയ്ത സെന്റർ സ്റ്റേജ് ഫ്രണ്ട് ക്യാമറ, ഏറ്റവും പുതിയ ഡിസൈൻ, പ്രവർത്തന മികവ്, ക്യാമറയിലെ പുതുമകൾ തുടങ്ങിയ മികച്ച ഫീച്ചറുകളുമായാണ് പുതിയ ഐഫോൺ 17 നിരയിലെ ഫോണുകളെത്തുന്നത്. ഐഫോൺ 17 ന് 82,900 രൂപ, ഐഫോൺ എയറിന് 1,19,900 രൂപ, ഐഫോൺ 17 പ്രോയ്ക്ക് 1,34,900 രൂപ, ഐഫോൺ 17 പ്രോ മാക്സിന് 1,49,900 രൂപ എന്നിങ്ങനെയാണ് വിവിധ മോഡലുകളുടെ വില ആരംഭിക്കുന്നത്. ഐഫോൺ 17ന്റെ സ്റ്റോറേജ് കപ്പാസിറ്റി ആരംഭിക്കുന്നത് 256 ജിബിയിലാണ്. ആപ്പിൾ ഒരു നോൺപ്രോ മോഡലിൽ ഇതാദ്യമായാണ് 6.3 ഇഞ്ച് സൂപ്പർ റെറ്റിന എക്സ്ഡിആർ ഡിസ്പ്ലേയും പ്രോ മോഷൻ സങ്കേതികതയും അവതരിപ്പിക്കുന്നത്. 10 മിനിറ്റ് ഫാസ്റ്റ് ചാർജിലൂടെ 8 മണിക്കൂർ വരെ വീഡിയോ പ്ലേബാക്ക് സാധ്യമാകും. പുതിയ സെന്റർ സ്റ്റേജ് ഫ്രണ്ട് ക്യാമറ, 48 എംപി ഫ്യൂഷൻ ക്യാമറകൾ എന്നിവയാണ് ഐഫോൺ 17 ന്റെ ക്യാമറ വിഭാഗത്തിലെ പുതുമകൾ.

# ബാങ്കേഴ്സ് മീറ്റ് ഏകദിന പരിപാടി

**തിരുവനന്തപുരം:** തിരുവനന്തപുരം താലൂക്ക് വ്യവസായ ഓഫീസിന്റെ പരിധിയിലുള്ള സംരംഭകർക്കായി സെപ്റ്റംബർ 19ന് ബാങ്കേഴ്സ് മീറ്റ് ഏകദിന പരിപാടി സംഘടിപ്പിക്കുന്നു. താലൂക്കിലെ പ്രമുഖ ബാങ്കുകൾ, ലീഡ് ബാങ്ക്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ നേരിട്ട് പങ്കെടുക്കുന്ന പരിപാടിയിൽ താലൂക്ക് പരിധിയിലുള്ള സംരംഭകർക്ക് പങ്കെടുക്കാം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക: 8075425882

## ഓട്ടോസെക് എക്സ്പോ 2025 പ്രദർശനത്തിന് തുടക്കം

# സുരക്ഷാ നയരൂപീകരണത്തിൽ സെക്യൂരിറ്റി സിസ്റ്റം കൈകാര്യം ചെയ്യുന്നവരുടെ പങ്ക് നിർണ്ണായകം: വി. ഡി സതീശൻ



ഓൾ കൈൻഡ്സ് ഓഫ് ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ഇന്റഗ്രേറ്റർ അസോസിയേഷൻ (അക്കേഷ്യ) കേരള ചാപ്റ്റർ സംഘടിപ്പിക്കുന്ന ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ആന്റ് ഓട്ടോമേഷൻ എക്സിബിഷൻ 'ഓട്ടോസെക് എക്സ്പോ 2025 ' ന്റെ ഉദ്ഘാടനം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ നിർവ്വഹിക്കുന്നു. സഞ്ജയ് സനൽ, റിജേഷ് രാംദാസ്, പി.വി ശ്യാംപ്രസാദ്, ദീപു ഉമ്മൻ, എ.ടി.ജോസ്, അനു ശിവദാസ്, നവാസ്, മാഹിൻ ഇബ്രാഹിം എന്നിവർ സമീപം.

**കൊച്ചി:** സുരക്ഷാ ക്യാമറകളുമായി ബന്ധപ്പെട്ട് എന്താണ് പുതിയ കാലമെന്നും അതിലെ മാറ്റമെന്താണെന്നും കേരളത്തിന്റെ നയരൂപീകരണ വിദഗ്ദരെ ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ആന്റ് ഓട്ടോമേഷൻ മേഖലയിൽ പ്രവർത്തിക്കുന്നവർ ധരിപ്പിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എംഎൽഎ പറഞ്ഞു. ഓൾ കൈൻഡ്സ് ഓഫ് ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ഇന്റഗ്രേറ്റർ അസോസിയേഷൻ (അക്കേഷ്യ) കേരള ചാപ്റ്റർ കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ആന്റ് ഓട്ടോമേഷൻ എക്സിബിഷൻ ഓട്ടോസെക് എക്സ്പോ 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുരക്ഷാ സംവിധാനവുമായി ബന്ധപ്പെട്ട് നയരൂപീകരണം നടത്തുമ്പോൾ പുതിയ അറിവുകൾ നിർണ്ണായകമാണെന്നും വി.ഡി സതീശൻ പറഞ്ഞു. ലോകം മുഴുവൻ വിസ്മയകരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്.പുതിയ അറിവുകൾ ഉണ്ടാകുന്നതിന്റെ വേഗത വർധിച്ചുവരികയാണ്. ടെക്നോളജി അതിന്റെ പാരമ്യതയിലാണ്. എ.ഐ കൂടി വന്നതോടെ അൽഭുതകരമായ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിക്കുന്നത്. എ.ഐ മനുഷ്യന്റെ ബുദ്ധിയ്ക്കൊപ്പമെത്തുന്ന കാലം വിദൂരമല്ല. മനുഷ്യന്റെ ബുദ്ധിയെയും ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിനെയും തമ്മിൽ ബന്ധിപ്പിച്ചാൽ മനുഷ്യന്റെ ബുദ്ധിശക്തി ഒരു ദശലക്ഷം പ്രാവശ്യം വർധിക്കുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. സുരക്ഷാ സംവിധാനങ്ങൾ പുതിയ കാലഘട്ടത്തിലേക്കും തലത്തിലേക്കുമാണ് പോകുന്നത്. നമ്മൾ അറിയാതെ തന്നെ നാം ഒരോരുത്തരും നിരീക്ഷണ വലയത്തിലാണുള്ളത്. എല്ലായിടത്തും ആധുനിക സംവിധാനങ്ങളോടെയുള്ള നിരീക്ഷണ ക്യാമറകളാണ്. നമ്മൾ ഒരാളെക്കുറിച്ച് പറയുന്നത് പിടിച്ചെടുത്ത് ഡീകോഡ് ചെയ്ത് ആരെപ്പറ്റിയാണ് നമ്മൾ പറഞ്ഞതെന്നും എന്താണ് പറഞ്ഞതെന്നും കണ്ടെത്തുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നതെന്നും വി.ഡി സതീശൻ വ്യക്തമാക്കി. അക്കേഷ്യ കേരള ചാപ്റ്റർ പ്രസിഡന്റ് എ. ടി ജോസ് അധ്യക്ഷത വഹിച്ചു. വി.പി.എസ് ലേക്ക്ഷോർ മാനേജിംഗ് ഡയറക്ടർ എസ്.കെ. അബ്ദുള്ള, കളമശേരി നഗരസഭാ കൗൺസിലർ റഫീഖ് മരയ്ക്കാർ, അക്കേഷ്യ സെക്രട്ടറി പി.വി ശ്യാംപ്രസാദ്, ട്രഷറർ റിജേഷ് രാംദാസ്, അച്ചടക്ക സമിതി ചെയർമാൻ എം. രഞ്ജിത്, ഓട്ടോസെക് ചെയർമാൻ സഞ്ജയ് സനൽ, കൺവീനർ ദീപു ഉമ്മൻ, അക്കേഷ്യ വൈസ് പ്രസിഡന്റുമാരായ സജയ് കുമാർ, ലിന്റോ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറിമാരായ അനീഷ് വേണുഗോപാൽ, സരൺ ബാബു, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം മാഹിൻ ഇബ്രാഹിംതുടങ്ങിയവർ സംസാരിച്ചു. പ്രദർശനം ഇന്ന് സമാപിക്കും. പ്രവേശനം സൗജന്യം.




# കയറ്റുമതി നിലവാരം ഉയർത്താൻ കൊച്ചിയിൽ അത്യാധുനിക മൈക്രോബയോളജി ലബോറട്ടറി

**കൊച്ചി:** കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിലുള്ള എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കൊച്ചി എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസിയിൽ അത്യന്താധുനിക മൈക്രോബയോളജി ലബോറട്ടറി പ്രവർത്തനമാരംഭിച്ചു.വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിയും ഇ ഐ സി ഡയറക്ടറുമായ നിതിൻ കുമാർ യാദവ് ഐ എ എസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുന്നതിലും കയറ്റുമതിയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിലും ഈ സൗകര്യം പ്രധാന പങ്ക് വഹിക്കും.

ഇന്ത്യൻ ഉൽപ്പന്നങ്ങൾ ഉയർന്ന അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേകിച്ച് ലബോറട്ടറി സംവിധാനങ്ങൾ, തുടർച്ചയായി നവീകരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു.കയറ്റുമതി, ഇറക്കുമതി, ആഭ്യന്തര വിപണി എന്നിവയുമായി ബന്ധപ്പെട്ട് ഭക്ഷ്യ വസ്തുക്കളുടെ വിശദമായ മൈക്രോബയോളജി വിശകലനം നടത്താൻ നൂതന സാങ്കേതിക സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഈ മേഖലയിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവരെ, പ്രത്യേകിച്ച് കേരളം, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ദ്ധ പ്രൊഫഷണലുകളെ വളർത്തിയെടുക്കുന്നതിന് ഒരു സാങ്കേതിക പരിശീലന കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്.

നിലവിലുള്ള ആധുനിക സൗകര്യങ്ങൾക്കു പുറമേ മംഗലാപുരത്തും, അഹമ്മദാബാദിലും പ്രവർത്തനക്ഷമമാകുന്ന പുതിയ ലബോറട്ടറി, ഫരീദാബാദിൽ മറ്റൊരു ടെസ്റ്റിങ് കേന്ദ്രം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം നടന്നുകൊണ്ടിരിക്കുന്നതായും യാദവ് എടുത്തുപറഞ്ഞു. യൂറോപ്യൻ യൂണിയൻ അടുത്തിടെ കയറ്റുമതിക്കായി 102 മത്സ്യബന്ധന സ്ഥാപനങ്ങളുടെ പട്ടിക പുറത്തിറക്കിയിട്ടുണ്ട്. അതിൽ 18 എണ്ണം നമ്മുടെ മേഖലയിൽ നിന്നുള്ളതാണ്: ഇത് ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതിയെ ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. ലബോറട്ടറി ഇതിനകം ദേശീയ അംഗീകാരം നേടിക്കഴിഞ്ഞതായി ഇ.ഐ.സി.യുടെ അഡീഷണൽ ഡയറക്ടർ ഡോ. ജെ.എസ്. റെഡ്ഡി പറഞ്ഞു. പരിസ്ഥിതി മന്ത്രാലയം ഇതിനെ ജനിതകമാറ്റം വരുത്തിയ സസ്യങ്ങളുടെ യും സസ്യ ഉത്പന്നങ്ങളുടെയും (ജി.എം.ഒ) പരിശോധനയ്ക്കുള്ള ദേശീയ റഫറൽ ലബോറട്ടറിയായി പ്രഖ്യാപിച്ചിട്ടുണ്ട്, അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com